LIBRARY ARCHIVES Kerala Legislative Assembly

വായ്പ എടുക്കുന്നതിന് നൽകുന്ന ഗ്യാരണ്ടി

131 (477) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സർക്കാർ, അർദ്ധ-സർക്കാർ ധനകാര്യസ്ഥാപനങ്ങൾ വായ്പ എടുക്കുന്നതിന് നൽകുന്ന ഗ്യാരണ്ടിക്ക് പരിധി നിശ്ചയിച്ചുകൊണ്ടുള്ള ഗ്യാരണ്ടി സീലിംഗ് ആക്ട് പ്രകാരം നിശ്ചയിക്കപ്പെട്ട പരിധി എത്ര കോടിരൂപയാണ് ; നാളിതുവരെയുള്ള ഗ്യാരണ്ടി എത്ര കോടി രൂപയുടേതാണ്; വിശദമാക്കാമോ ?

ഉത്തരം

2003-ലെ കേരള ഗവൺമെന്റ് ഗ്യാരണ്ടികളുടെ പരമാവധി പരിധി ആക്ട് പ്രകാരം നിശ്ചയിക്കപ്പെട്ടിട്ടുള്ള 14000 കോടി രൂപയാണ്. 31-3-2004 പ്രകാരം ബാക്കി നിൽക്കുന്ന മൊത്തം ഗവൺമെന്റ് ഗ്യാരണ്ടി 9763.354 കോടി രൂപയാണ്. കൂടാതെ പുതുതായി അനുവദിക്കപ്പെട്ടിട്ടുള്ള താഴെപ്പറയുന്ന ഗ്യാരണ്ടികൾ ചേർത്ത് നാളിതുവരെയുള്ള ഗവൺമെന്റ് ഗ്യാരണ്ടി 13523.354 കോടി രൂപയാണ്.

വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ട് ലിമിറ്റഡ്	- 1910 കോടി
കെ.എസ്.ഇ.ബി.	- 1000 കോടി
കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ	- 50 കോടി
കെ.എസ്.ആർ.ടി.സി.	- 200 കോടി
കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ	- 250 കോടി
കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്	- 350 കോടി

വികസന പദ്ധതികൾക്ക് പുറപ്പെടുവിച്ച കടപ്പത്രങ്ങൾ

132 (478) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വികസന പദ്ധതികൾക്ക് പണം കണ്ടെത്തുന്നതിനായി എത്ര തവണ കടപ്പത്രങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്;

(ബി) ഏതെല്ലാം വികസനപദ്ധതികൾക്കുവേണ്ടിയാണ് കടപ്പത്രങ്ങൾ പുറപ്പെടുവിച്ചത് ; ഓരോ പദ്ധതികൾക്കുമായി കടപ്പത്രങ്ങൾ മുഖേന എത്ര തുക സ്വരൂപിച്ചിട്ടുണ്ട് ;

(സി) ഓരോ വികസനപദ്ധതികൾക്കുമായി ഇതിനോടകം എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വികസന പദ്ധതികൾക്ക് പണം കണ്ടെത്തുന്നതിനായി 52 തവണ കടപ്പത്രങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി&സി) സംസ്ഥാനത്തിന്റെ വിവിധ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടിയാണ് പ്രധാനമായും കടപ്പത്രങ്ങൾ പുറപ്പെടുവിക്കുന്നത്. ഓരോ പദ്ധതിക്കും പ്രത്യേകമായി കടപ്പത്രം പുറപ്പെടുവിക്കാറില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം (28-2-2015 വരെ) ആകെ 45463 കോടി രൂപ (വകുപ്പുതല കണക്ക് പ്രകാരം) കടപ്പത്രം മുഖേന സ്വരൂപിച്ചിട്ടുണ്ട്. ഇത്തരത്തിൽ ലഭിച്ച മുഴുവൻ തുകയും Consolidated fund-ൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. Consolidated fund-ൽ മറ്റു വരുമാനങ്ങളും ഉൾപ്പെടുന്നതുകൊണ്ട് ഇത്തരത്തിൽ എടുത്ത തുക ഏതൊക്കെ പദ്ധതികൾക്കായി എത്രത്തോളം വിനിയോഗിക്കപ്പെട്ടിട്ടുണ്ടെന്ന് വേർതിരിക്കാനാവില്ല.

നികുതി ഇളവ് നൽകിയിട്ടുള്ള മേഖലകൾ

133 (479) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം മേഖലയിലാണ് നികുതി ഇളവ് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ ഇളവുകൾ നൽകിയിട്ടുള്ളത് ഏതെല്ലാം ബഡ്ജറ്റുകളിലാണെന്നും ഏതെല്ലാം ഉത്തരവുകൾ പ്രകാരമാണെന്നും പ്രത്യേകം വിശദമാക്കാമോ ;

(സി) ഈ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly